## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1263 — 12.06.2014-ൽ മറുപടിയ്ക്ക്

## പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച റോഡുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (എ) | ഉണ്ട്. ഇതുവരെ നിർമ്മിക്കപ്പെട്ട പ്ലാസ്റ്റിക് റോഡുകളിലൊന്നും കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്ത ശേഷമാണ് ഉപയോഗിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത റോഡ് നാളിതുവരെ മൊത്തമായി ഉപരിതലം പുതുക്കൽ നടത്തിയിട്ടില്ല. ഇത്തരം റോഡുകളുടെ ഉപരിതലം, സാധാരണ ചെയ്ത മറ്റ് റോഡുകളെക്കാളും മെച്ചപ്പെട്ടതായി കാണാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഉപരിതലം പുതുക്കലിന്റെ കാലദൈർഘ്യം കൂടുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ റോഡ് ഇപ്പോഴും നിരീക്ഷണത്തിലാണ്. |
| (ബി) ഇനി ഏതെല്ലാം റോഡുകളാണ് പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇതിനാവശ്യമായ പ്ലാസ്റ്റിക് ശേഖരിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ യൂണിറ്റുകൾ വഴി സംഭരിക്കുന്ന ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് ആണ് ടാറിംഗിനുപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ഡിവിഷൻ ഓഫീസ് | റോഡിന്റെ പേര് |
|---|---|
| മഞ്ചേരി | അധികാരത്തൊടി-കുറ്റാളൂർ റോഡ് കി.മീ 0/00 – 6/200 |
| തിരുവനന്തപുരം | കരുണാകര സപ്തതി-പഞ്ചാപുരം റോഡ് |
| കൊല്ലം | ചാത്തന്നൂർ-അമ്പലംകുന്ന് റോഡ് കി.മീ2/200 – 5/000 |
| പാലക്കാട് | കൊട്ടുവായൂർ-തൃപ്പാളൂർ റോഡ് കി.മീ7/400 – 8/600 |
| | എരട്ടക്കുളം-വാണിയംപാറ റോഡ് കി.മീ5/400-6/000 |
| | പുതുനഗരം-കിണാശ്ശേരി റോഡ് കി.മീ0/000-1/400 |
| | കട്ടിലക്കടവ്-കരിമ്പുഴ റോഡ് കി.മീ0/00 -1/600 |
| | നെന്മേനി-സിതാർകുണ്ട് റോഡ് കി.മീ 2/000-3/500 |
| | കൊഴിഞ്ഞാമ്പാറ വേലന്താവളം റോഡ്-കുറ്റനാട് ത്രുത്താല റോഡ് കി.മീ 1/500 – 4/000 |
| വയനാട് | ഇരുളംമൂന്നാനക്കുഴി റോഡ് കി.മീ 7/900 -9/500 |
| | മാനന്തവാടി-കൈതക്കൽ റഡ് കി.മീ 1/00 – 2/00 |
| കണ്ണൂർ | ചുണ്ടപ്പറമ്പ്-പൂപ്പറമ്പ നെല്ലിക്കുറ്റി-അരിയിക്കാമല വെള്ളാട് കരുവഞ്ചാൽ റോഡ് കി.മീ 4/500 – 5/500 |
| | വലിയന്നൂർ-നായാട്ടുപാറാ റോഡ് കി.മീ 4/000 – 5/000 |
| | കോലത്തുമല-കല്ലായി റോഡ് കി.മീ 1/00 – 2/00 |
| എറണാകുളം | അയിരൂർ-തുരുത്തിപ്പുറം റോഡ് കി.മീ 0/000 – 1/100 |
| | ചെറുവൈപ്പ് റോഡ് കി.മീ 0/000 – 1/400 |
| | FACT ഉന്തിത്തോട് റോഡ് |
| | FACT മേതാനം |
| | പാതാളംകടവ് റോഡ് |
| | ചെങ്കൽ-ചൊവ്വര റോഡ് കി.മീ 1/000-02/500 |
| | കടുങ്ങല്ലൂർ-കയാന്തിക്കര ഏലൂക്കര റോഡ് കി.മീ 4/500-6/160 |
| | കടുങ്ങല്ലൂർ-കയാന്തിക്കര ഏലൂക്കര റോഡ് കി.മീ 2/000-3/500 |

| | |
|---|---|
| | ചെങ്കൽ-ചൊവ്വര റോഡ് കി.മീ 5/000-6/000 |
| | മുട്ടാർക്കടവ്-കന്നംപുറം റോഡ് |
| | പാലച്ചുവട്-നിലംപതിഞ്ഞി റോഡിലെ ഐ.എം.ജി ജംഗ്ഷൻ |
| | ഇൻഫോ പാർക്ക് റോഡ് |
| | ചിറ്റൂർ-ചേരാനല്ലൂർ റോഡ് കി.മീ 0/000-2/600 |
| | ദേവൻകുളങ്ങര-കച്ചേരിപ്പടി റോഡിലെ വടത്തോട്-ചേരാനല്ലൂർ, റോഡും, ചേരാനല്ലൂർ - ഫെറി റോഡും |
| | പൊന്നുരുന്നി- ചാലിക്കാവട്ടം-കൊല്ലംകാവ് റോഡ് |
| | കർദ്ദിനാൾ സ്കൂൾ റോഡ്(തൃക്കാക്കര മുൻസിപ്പാലിറ്റി) |
| | എടച്ചിറ-തലക്കാട്ടുമൂല റോഡ് |

S.O.